**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2919** **10-03-2025 - ൽ മറുപടിയ്ക്ക്**

**കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭം പരിഹരിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതിനും കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി 2024-25 -ൽ അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് ശാന്തിനഗർ തീരപ്രദേശത്ത് Core wall ഉപയോഗിച്ച് അടിയന്തര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നവകേരള സദസ്സിന്റെ ഭാഗമായ പദ്ധതി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശാന്തിനഗർ കോളനി കടൽ ഭിത്തി നിർമ്മാണം, സ്രാമ്പിപറമ്പ് കടൽ ഭിത്തി നിർമ്മാണം, തോപ്പയിൽ കടൽ ഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ Detailed Project Report തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.<br><br>ഭട്ട്റോഡ് ബീച്ചിൽ പുലിമുട്ട് നിർമ്മാണ പ്രവൃത്തിക്ക് 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാവുകയും തുടർന്ന് IIT Madras മുഖാന്തിരം രൂപകല്പന പഠനം പൂർത്തീകരിച്ച്, ആയത് പ്രകാരം 5 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി 2024-25 -ൽ അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് ശാന്തിനഗർ തീരപ്രദേശത്ത് Core wall ഉപയോഗിച്ച് അടിയന്തര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നവകേരള സദസ്സിന്റെ ഭാഗമായ പദ്ധതി നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശാന്തിനഗർ കോളനി കടൽ ഭിത്തി നിർമ്മാണം, സ്രാമ്പിപറമ്പ് കടൽ ഭിത്തി നിർമ്മാണം, തോപ്പയിൽ കടൽ ഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | Detailed Project Report തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.<br><br>ഭട്ട്റോഡ് ബീച്ചിൽ പുലിമുട്ട് നിർമ്മാണ പ്രവൃത്തിക്ക് 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാവുകയും തുടർന്ന് IIT Madras മുഖാന്തിരം രൂപകല്പന പഠനം പൂർത്തീകരിച്ച്, ആയത് പ്രകാരം 5 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ